(ബി) പ്രസ്തുത റേഷൻകട ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) മുണ്ടേരിയിൽ പുതിയ റേഷൻകട എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുണ്ടേരിയിൽ പുതിയ റേഷൻകട 18-2-2012-ന് അനുവദിച്ചിട്ടുണ്ട്.

(ബി) ഉത്തരവായിട്ടുണ്ട്. ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 18-2-2012-ലെ 17642/ബി3/11/ഭ.സി.സ.വ നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) വയനാട് ജില്ലാ സപ്ലൈ ഓഫീസറുടെ 11-3-14-ലെ സി.എസ്. 5-1765/11-ാം നമ്പർ നടപടിക്രമപ്രകാരം മുണ്ടേരിയിൽ പുതിയ റേഷൻകടയുടെ സ്ഥിരം ലൈസൻസിയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. കൃപേഷ് എ.കെ.യെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**പെട്രോൾ പമ്പുകളിൽ മായം ചേർത്ത പെട്രോൾ**

239 (7210) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ പമ്പുകളിൽ മായംചേർത്ത പെട്രോൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) ഭക്ഷ്യപൊതുവിതരണ വകുപ്പിൽ ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെട്രോൾ പമ്പുകളിൽ മായം ചേർത്ത പെട്രോൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്കുള്ള കുടിശ്ശികത്തുക**

240 (7211) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണംചെയ്ത എത്ര കരാറുകാർക്ക് കുടിശ്ശികത്തുക കൊടുത്തുതീർക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കരാറുകാർക്ക് ഏതെല്ലാം വർഷത്തെ എന്തുതുക വീതം കൊടുത്തുതീർക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണംചെയ്ത കരാറുകാർക്ക് പണം കൊടുത്തുതീർക്കാത്തതിനുകാരണമെന്തെന്നും മാനദണ്ഡങ്ങൾ പ്രകാരവും കരാർ പ്രകാരവും സാധനങ്ങൾ വിതരണം ചെയ്തവർക്ക് പണം എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് ബില്ലുകൾ ഹെഡ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക വിട്ടുനൽകുകയാണ് ചെയ്യുന്നത്. ഓരോ മാസവും 9000-ത്തോളം ബില്ലുകളാണ് പർച്ചേസ്, ടി. & ബി.പി , എഫ്.എം.സി.ജി. എന്നീ സെക്ഷനുകളിൽ ലഭിക്കുന്നത്. ഇവ അതാത് സെക്ഷനിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രീ-ഓഡിറ്റിനയയ്ക്കുകയും അവിടുന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം നൽകുന്നതിനായി ഫൈനാൻസ് സെക്ഷനിലേക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. ഫൈനാൻസ് സെക്ഷനിൽ നിന്നുമുള്ള നടപടികൾ പൂർത്തിയാക്കി കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ RTGSവഴി തുക അയയ്ക്കുകയാണ് ചെയ്യുന്നത്. ഇത്രയും ബില്ലുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ. ഈയിനത്തിൽ കുടിശ്ശിക തുകയായി യാതൊന്നുംതന്നെ നൽകുവാനാവില്ല.

(സി) ബാധകമല്ല.

## സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ

241 (7212) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(ബി) പുതുതായി ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് ഏതെല്ലാം സ്ഥലങ്ങളിലാണ് ;

(സി) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണം ഏതുഘട്ടത്തിലാണ് ;

(ഡി) ഹൈപ്പർമാർക്കറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും വ്യവസ്ഥകളും എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly